മിനിക്കഥ

# കല്യാണം മുടക്കി

**പി. ഇബ്റാഹീം**

**റഹ്മത്തലിയുടെ** കടക്ക് മുന്നിലെ തണൽ മരത്തിൽ ചാരിനിൽക്കുകയായിരുന്നു.
ഇബ്റാഹീം...ക്കാ
മുഖപരിചയം കൊണ്ട് ആളെ മനസ്സിലാക്കാൻ നേരിയ ശ്രമം നടത്തി നോക്കി.
അബൂബക്കറിന്റെ മോനാവും.
അവനിത്ര തടിച്ച മകനോ! ഇപ്പോഴത്തെ കുട്ടികളൊക്കെ തടിച്ച് ചീർത്ത പേക്കോലങ്ങളാണല്ലോ. നാട്ടിലിറക്കുന്ന ഇറച്ചിക്കോഴികളുടെ കൊഴുപ്പാണിത്.
ങ്ഹാ.. എന്താ?
നിങ്ങളാണെന്റെ കല്യാണം മുടക്കിയത്.
നിന്റെ പേരെന്താ?
ഖലീൽ...
കുഞ്ഞവറാന്റെ മോൻ?
അതെ.
ഈ വയസ്സുകാലത്ത് കൈയും കാലും തല്ലിയൊടിക്കുകയാണ് വേണ്ടത്.
അവൻ മുരണ്ടു.
പെട്ടെന്നാണ് ചുറ്റും ചെറുപ്പക്കാരുടെ ഒരു കൂട്ടം തമ്പടിച്ചിട്ടുണ്ടെന്നറിഞ്ഞത്. എല്ലാവരും തന്നെ തുറിച്ചു നോക്കുകയാണ്. പിറകിൽനിന്നാരോ ഉറക്കെ തള്ളി...



വീണില്ല...
എന്റെയും കല്യാണം മുടക്കി.
കിളവനെ വെറുതെ വിടരുത്.
ഞാനെങ്ങനെ മുടക്കീന്നാ...
ഞങ്ങൾ കള്ളുകുടിയന്മാരും മയക്കുമരുന്ന് അടിക്കുന്നവരുമാണെന്ന് നിങ്ങൾ പറഞ്ഞില്ലേ....
സത്യമല്ലേ... സത്യമല്ലേ?
കിതപ്പിലും അയാളുടെ ഒച്ച ഉയർന്നു. വീഴ്ചയിൽ കൈയിൽ തടഞ്ഞ വടിയുമായിട്ടയാൾ ഒരു ഭ്രാന്തനെപോലെ കുതിച്ചു.
മുഖത്ത് വീണ മുട്ട പൊട്ടിയൊലിച്ചു. ഓട്ടത്തിനിടയിൽ പിറകിൽനിന്ന് കൽചീളുകൾ ചീറിവരുന്നുണ്ടായിരുന്നു.
ചെറുപ്പക്കാരുടെ കൂട്ടം ആവേശത്തോടെ പിറകെയുണ്ടായിരുന്നു.
കല്യാണം അന്വേഷിച്ചുവരുന്നവർക്ക് മുമ്പിൽ പലപ്പോഴും മൗനിയാകാറാണ്. ചിലർ വല്ലാതെ നിർബന്ധിക്കുമ്പോൾ, അടുത്ത പരിചയക്കാരാവുമ്പോൾ സത്യം പറഞ്ഞില്ലെങ്കിൽ പിന്നീട് അതിലേറെ പ്രശ്നമാകുമല്ലോ എന്ന് കരുതിയാണ്...
ആരവം അടുത്തെത്തവേ രക്ഷപ്പെടാനുള്ള മാർഗങ്ങൾ ഓരോന്നായി അടയുകയാണ്.
കാലുകൾ വല്ലാതെ തളരുന്നുണ്ട്... കല്ലേറ് അൽപം ശമിച്ചിട്ടുണ്ട്. എന്നാൽ ആർപ്പു വിളി ഉച്ചത്തിലാവുകയാണ്.
ഓട്ടത്തിനിടയിൽ അറിയാതെ പിന്തിരിഞ്ഞു നോക്കി.
തന്റെ ചെറുമകനല്ലേ അത്... അവൻ തന്നെ. അയാൾ ഞെട്ടിയില്ല.
അവനു വന്ന കല്യാണവും താൻ മുടക്കിയതാണല്ലോ! ■

# ചെരിപ്പ്



**നിന്റെ** കാൽകീഴിൽ കിടന്ന്
ഞെരിഞ്ഞമരുകയായിരുന്നു ഞാൻ
എല്ലാം കാൽകീഴിലൊതുക്കണമെന്ന്
നീ ആഗ്രഹിച്ചിരുന്നു.
ജീവനുള്ളവരുടെ നെഞ്ചിലൂടെ
നീ ചവിട്ടികടന്നു പോയപ്പോഴും
ഞാൻ നിരപരാധിയായിരുന്നു.
എത്ര ആൾത്തിരക്കുള്ള
നഗരങ്ങളെയാണ്
നിന്റെ ബൂട്ടുകൾ അരച്ചുകളഞ്ഞത്!

ശവങ്ങളിൽ തൊട്ട്
ചോരമണത്ത്
ഇനിയും നിന്റെ കാൽകീഴിൽ
സഹിക്കാനാവില്ല
സമ്മാനമായി
ഒരു മുത്തമെങ്കിലും നൽകണമെന്നുണ്ട്.

**പുത്തൂർ ഇബ്റാഹീം കുട്ടി**